**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3597** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷികോപകരണങ്ങളുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി ഇറക്കുന്നതിനാവശ്യമായ കാർഷികോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ കർഷകർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി) പ്രകാരം 40%-50% സബ്സിഡിയിൽ ട്രാക്ടർ, ട്രാക്ടറിൽ ഘടിപ്പിക്കുന്ന ഉപകരണങ്ങൾ, വൈക്കോൽ കെട്ടുന്ന യന്ത്രം, കൊയ്ത്തുമെതി യന്ത്രം മുതലായവ നൽകി വരുന്നുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ചേർപ്പ് ബ്ലോക്കിലും, 2023-24 സാമ്പത്തിക വർഷത്തിൽ പുഴയ്ക്കൽ, തളിക്കുളം എന്നീ ബ്ലോക്കുകളിലും കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ച് 22 ലക്ഷം രൂപയുടെ ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം നടത്തിയിട്ടുണ്ട്.കഴിഞ്ഞ സീസണിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് ദ്രുത കർമ്മസേന രൂപീകരിച്ച് ജില്ലയിലെ കോൾ പാടങ്ങളിൽ കാർഷിക യന്ത്രങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.<br><br>അഗ്രോ സർവ്വീസ് സെന്ററുകൾ, കെയ്കോ, എ.ആർ.എസ് മണ്ണുത്തി, സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, സ്വകാര്യ വ്യക്തികൾ എന്നിവ വഴി കോൾ നിലങ്ങളിൽ കൃഷി ഇറക്കുന്നതിനാ വശ്യമായ കാർഷികോപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.<br><br>RKI പദ്ധതിയിൽ ഉൾപ്പെടുത്തി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷന് (KSAMM) ഓട്ടോമാറ്റിക് റൈഡിംഗ് ടൈപ്പ് ട്രാൻസ് പ്ലാന്റർ, റോട്ടോ പഡ്ലർ, അഗ്രോ എക്സ്കവേറ്റർ, മിനി എക്സ്കവേറ്റർ വിത്ത് പാന്റൂൺസ് എന്നിവ കൈമാറിയിട്ടുണ്ട്. |
| (ബി) | മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കാർഷിക പ്രവൃത്തികൾക്കുള്ള എന്തെല്ലാം ഉപകരണങ്ങളും യന്ത്രങ്ങളുമുണ്ടെന്നും അവ പ്രവർത്തനക്ഷമമാണോയെന്നും അറിയിക്കാമോ; | (ബി) | അരിമ്പൂർ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കാർഷിക പ്രവൃത്തികൾക്കായി നിലവിലുള്ള ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു. |

| | നിലവിലുള്ളത് | പ്രവർത്തനക്ഷമമായത് |
|---|---|---|
| കൊയ്ത്തുമെതിയന്ത്രം | 63 എണ്ണം | 21 എണ്ണം |
| ട്രാക്ടർ | 4എണ്ണം | 4 എണ്ണം |
| പവ്വർ ടില്ലർ | 22 എണ്ണം | 22 എണ്ണം |
| നടീൽ യന്ത്രം | 7 എണ്ണം | 4 എണ്ണം |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി എന്തെങ്കിലും കാർഷിക ഉപകരണങ്ങൾ അരിമ്പൂർ ശാഖയിൽ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് RKI പദ്ധതിയിൽ വാങ്ങിയ ചുവടെ ചേർക്കുന്ന കാർഷിക ഉപകരണങ്ങൾ കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷന് (KSAMM) കൈമാറിയിട്ടുണ്ട്.<br><br>1. ഓട്ടോമാറ്റിക് റൈഡിംഗ് ടൈപ്പ് ട്രാൻസ് പ്ലാന്റർ - 6 എണ്ണം<br>2. റോട്ടോ പഡ്ലർ -15 എണ്ണം<br>3. അഗ്രോ എക്സ്കവേറ്റർ 1 എണ്ണം |

| | | | |
|---|---|---|---|
| | | | 4. മിനി എക്സ്കവേറ്റർ വിത്ത് പാന്റ്ഗൺസ് — 1 എണ്ണം |
| (ഡി) | അരിമ്പൂർ ശാഖയോടനുബന്ധിച്ച് ജൈവ വളം നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | അരിമ്പൂർ ശാഖയോടനുബന്ധിച്ച് ജൈവവളം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി 340 ലക്ഷം രൂപയുടെ പ്രൊപ്പോസൽ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ